**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 349** **08-06-2021 - ൽ മറുപടിയ്ക്ക്**

**പ്രളയ സെസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രളയ സെസ്സ് പിരിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് തീരുമാനം എടുത്തിരുന്നോ; ആയത് എന്നുവരെ പിരിക്കുവാനാണ് തീരുമാനിച്ചിരുന്നതെന്ന് അറിയിക്കുമോ; | (എ) | 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രളയ സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് 2019 ആഗസ്റ്റ് മുതൽ രണ്ടു വർഷത്തേക്ക് പിരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത സെസ്സ് മുഖേന പ്രതിവർഷം എത്ര കോടി രൂപ പിരിച്ചെടുക്കുവാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് അറിയിക്കുമോ; | (ബി) | 2019-20-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് പ്രളയ സെസ്സ് മുഖേന പ്രതിവർഷം 600 കോടി രൂപ പിരിച്ചെടുക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. |
| (സി) | 31.3.2021 വരെ പ്രസ്തുത സെസ്സിലൂടെ എത്ര കോടി രൂപ പിരിച്ചെടുത്തു എന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ ലഭ്യമായ കണക്കനുസരിച്ച് 31-03-2021 വരെ 1705.24 കോടി രൂപ പ്രളയ സെസ്സിലൂടെ ലഭ്യമായിട്ടുണ്ട്. |
| (ഡി) | പ്രളയ സെസ്സിന്റെ കാലാവധി നീട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര കാലം കൂടി പ്രസ്തുത സെസ്സ് പിരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | 15-01-2021-ൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ 2021 ജൂലൈക്ക് ശേഷം പ്രളയ സെസ്സ് പിരിക്കുന്നത് തുടരില്ല എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ